പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *86 30.10.2019-ൽ മറുപടിയ്ക്ക്

## സാമൂഹ്യപഠനമുറി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സാമൂഹ്യപഠനമുറി എന്ന പേരിൽ പൊതുപഠന കേന്ദ്രങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠന മുറി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ; | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, ടി വിദ്യാർത്ഥികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക, കുട്ടികൾ ഗൃഹപാഠങ്ങൾ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക, മെച്ചപ്പെട്ട പഠന അന്തരീക്ഷം പ്രദാനം ചെയ്യുക എന്നിവ ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.<br>സാമൂഹ്യ പഠനമുറി എന്ന പദ്ധതി ഊരുകൾ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലും മറ്റ് സമാന ഇടങ്ങളിലും സാമൂഹ്യ പഠനമുറി പ്രവർത്തിപ്പിച്ചു. ഒരു സാമൂഹ്യ പഠന മുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരേ സമയം പഠനം നടത്താവുന്നതാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം, എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. 1-ാം ക്ലാസ്സ് മുതലുള്ള വിദ്യാർത്ഥികളുടെ പഠനത്തിന് സഹായിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ സേവനം സാമൂഹ്യ പഠന മുറികളിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| സി) | നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നറിയിക്കുമോ? | സി) | സാമൂഹ്യ പഠനമുറികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| കാസർഗോഡ് | 30 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| **ആകെ** | **125** |

**സെക്ഷൻ ഓഫീസർ**